**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 856** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പുനലൂർ നിയോജക മണ്ഡലത്തിലെ ആധുനിക മൽസ്യ മാർക്കറ്റുകളുടെ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുനലൂർ നിയോജക മണ്ഡലത്തിലെ ശ്രീരാമപുരം, അഞ്ചൽ എന്നിവിടങ്ങളിലെ മൽസ്യ മാർക്കറ്റുകൾ ആധുനിക നിലവാരത്തിൽ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

**<u>മറുപടി:</u>** പുനലൂർ ശ്രീരാമപുരം മത്സ്യമാർക്കറ്റ് നിർമ്മാണ പ്രവൃത്തി മൂന്ന് ഫേസുകളിലായി പുരോഗമിക്കുന്നു. ഫേസ് 1 ന്റെ സ്ട്രക്ച്ചറൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഫില്ലിംഗ്, പി.സി.സി. (പ്ലെയിൻ സിമന്റ് കോൺക്രീറ്റ്) എന്നിവ പുരോഗമിക്കുന്നു. ഫേസ് 2 ന്റെ സ്ലാബ് ഷട്ടറിംഗ് വർക്കുകളും, ഫേസ് 3 ന്റെ ഫുട്ടിംഗ് വർക്കുകളും പുരോഗമിച്ചു വരുന്നു. അഞ്ചൽ മത്സ്യമാർക്കറ്റിൽ ടൈൽ വർക്കുകളും പ്ലംബിംഗ് വർക്കുകളും പുരോഗമിച്ചു വരുന്നു.

**(ബി)** പ്രസ്തുത മാർക്കറ്റുകളുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** പുനലൂർ ശ്രീരാമപുരം മത്സ്യമാർക്കറ്റ് നിർമ്മാണം 2026 ഡിസംബർ മാസത്തോടെയും, അഞ്ചൽ മത്സ്യമാർക്കറ്റ് നിർമ്മാണം 2026 ആഗസ്റ്റ് മാസത്തോടെയും പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**(സി)** അഞ്ചൽ, പുനലൂർ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് പുറമെ തീരദേശ വികസന കോർപറേഷനോ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പോ പുനലൂർ മണ്ഡലത്തിൽ മറ്റേതെങ്കിലും പ്രവൃത്തികളുടെ നിർവ്വഹണ ചുമതല വഹിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>മറുപടി:</u>** അഞ്ചൽ, പുനലൂർ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് പുറമെ പുനലൂർ മണ്ഡലത്തിൽ മറ്റു പ്രവൃത്തികൾ ഒന്നും ഏറ്റെടുത്തിട്ടില്ല.

**സെക്ഷൻ ഓഫീസർ**